# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *303 - 21/06/2018 - ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുകൾ

ചോദ്യം

ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. സി.കെ നാണു
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. കെ.ബി ഗണേഷ്കുമാർ

മറുപടി

ഡോ. ടി.എം തോമസ് ഐസക്ക്
(ധനകാര്യവും കയറും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | 2017 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കേരളത്തിന്റെ ധനസ്ഥിതിയെപ്പറ്റി സി ആന്റ് എ.ജി കേരള നൽകിയ റിപ്പോർട്ട് അനുസരിച്ച് കേന്ദ്രാവിഷ്കൃത ഫണ്ട്, മറ്റ് വിവിധ ഗ്രാന്റുകൾ, വായ്പകൾ എന്നിവ ചെലവ് ചെയ്യുന്നതിൽ ഏറ്റവും കുറവ് വരുത്തിയ വകുപ്പുകൾ ഏതെന്ന് വ്യക്തമാക്കുമോ; | എ & ബി | ഗണ്യമായി പണം മിച്ചം വന്നിട്ടുള്ള പദ്ധതികളായി സി ആന്റ് എ.ജി ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ടത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. 2247.70 കോടി രൂപ വകയിരുത്തിയതിൽ 227.77 കോടി രൂപ മാത്രമാണ് ചെലവു ചെയ്തതെന്നും 2019.93 കോടി രൂപ മിച്ചം വന്നുവെന്നുമാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ നിന്നും വ്യത്യസ്തമായി 2016-17 ൽ അൺസ്കിൽഡ് വർക്കേഴ്സിനുള്ള വേതനം കേന്ദ്രസർക്കാർ സംസ്ഥാന ബജറ്റിലൂടെയല്ലാതെ നിർവ്വഹണ ഏജൻസിക്ക് നേരിട്ട് നൽകുകയുണ്ടായി. എന്നാൽ 2016-17 ലെ ബജറ്റ് തയ്യാറാക്കിയതിനുശേഷമാണ് ഈ മാറ്റം ഉണ്ടായത് എന്നതിനാലാണ് ബജറ്റ് എസ്റ്റിമേറ്റ് ഉയർന്ന് ഇരിക്കുന്നതും ചെലവ് കുറഞ്ഞു കാണുന്നതും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ ചെലവുമായി ഇതിന് ബന്ധമില്ല.<br><br>പ്രധാന മൂലധന പദ്ധതികളിലെ നിക്ഷേപമെന്ന പദ്ധതിയേതര ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പിന് 700 കോടി രൂപ വകയിരുത്തുന്നതിൽ പണമൊന്നും ചെലവഴിച്ചില്ലായെന്നതാണ് അടുത്ത പ്രധാന പരാമർശം. പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകകൾ കൊടുത്തു തീർക്കുന്നതിന് ഓരോ വർഷവും വകയിരുത്തുന്ന പദ്ധതി വിഹിതം അപര്യാപ്തമാണ്. ഈ അപര്യാപ്തത പരിഹരിക്കുന്നതിനു വേണ്ടിയാണ് പദ്ധതിയേതര വിഹിതമായി 5054-80-800-66 ശീർഷകത്തിൽ മൊത്തം തുകയായി 700 കോടി രൂപ വകയിരുത്തിയിരുന്നത്. പ്രസ്തുത വിഹിതം പദ്ധതിയിനത്തിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് നൽകിയ അധിക തുക ക്രമീകരിക്കുന്നതിനു വേണ്ടി ഉപയോഗി |
| ബി | ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുകൾ ചെലവ് ചെയ്യുന്നതിലാണ് കുറവുണ്ടായിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ച്ചിട്ടുള്ളതാണ്. പദ്ധതിയേതര ശീർഷകത്തിലെ വകയിരുത്തൽ സറണ്ടർ ചെയ്യുന്നുവെന്നത് തികച്ചും സാങ്കേതികം മാത്രമാണ്. ശ്രദ്ധേയമായ വസ്തുത 2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് ധനാഭ്യർത്ഥനയിലെ ബജറ്റ് വിഹിതത്തേക്കാൾ മൂലധന ചെലവ് 819.70 കോടി രൂപ കൂടുതലാണ് എന്നതാണ്.<br><br>ജലവിഭവ വകുപ്പിലെ വകയിരുത്തലും ചെലവും തമ്മിലുള്ള വ്യത്യാസമാണ് മറ്റൊരു പ്രധാനപ്പെട്ട പരാമർശം. ശുദ്ധജല വിതരണവും ശുചീകരണവുമെന്ന 20 -ാം നമ്പർ ധനാഭ്യർത്ഥനയിൽ 2016-17 സാമ്പത്തിക വർഷത്തെ ആകെ വകയിരുത്തൽ 1,409.33 കോടി രൂപയാണ്. ഇതിൽ 1,195.99 കോടി രൂപ ചെലവ് ചെയ്തതായാണ് എ.ജി.യുടെ പൂർത്തീകരിച്ച കണക്കുകൾ കാണിക്കുന്നത്. അതായത്, 84.86 ശതമാനമാണ് ചെലവ്. ഈ ധനാഭ്യർത്ഥനയിൽ മൂന്ന് കണക്ക് ശീർഷകങ്ങളാണുള്ളത്. ഇതിലെ ചില ശീർഷകങ്ങളിലെ പ്രത്യേക പദ്ധതികളിൽ ചെലവിനത്തിൽ കുറവു വന്നിരിക്കുന്നുവെന്നതാണ് സി ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് പ്രസ്തുത ധനാഭ്യർത്ഥനയിലെ കണക്ക് ശീർഷകങ്ങളിലെ റീ-ക്ലാസിഫിക്കേഷന്റെ ഫലമായിട്ടും ഉണ്ടായിട്ടുള്ളതാണ്.<br><br>സി ആന്റ് എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന ഇനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി | ഈ ഫണ്ടുകൾ ചെലവാക്കുന്നതിൽ വീഴ്ച വരുത്തിയ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | സി | കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളിൽ സമയബന്ധിതമായി പുരോഗതി കൈവരിക്കാത്ത വകുപ്പുകൾക്ക് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പേസ് വഴി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക കോ-ഓർഡിനേഷൻ സെൽ യഥാസമയം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പി |

| | | | |
|---|---|---|---|
| | | | ക്കുകയും ചെയ്യുന്നുണ്ട്.<br><br>2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ജൂൺ മാസത്തിൽ തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നിൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട പദ്ധതികളിൽ യഥാസമയം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും നിർദ്ദേശം നൽകി വരുന്നുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണത്തിന് കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി (പ്രത്യേകിച്ച് പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ) ഒരു റിവോൾവിംഗ് ഫണ്ട് മെക്കാനിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.എൻ.ആർ.ഇ.ജി.എ) മുതലായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം യഥാസമയം വിനിയോഗിക്കുന്നത് ഉറപ്പു വരുത്തുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് റിലീസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ധനവകുപ്പിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഒരു Revised Fund Flow Method 21/02/2017 തീയതിയിലെ 24/2017/ധന നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഇന്ദിര ആവാസ് യോജന പദ്ധതി

ഇന്ദിര ആവാസ് യോജന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രഗഡു ലഭ്യമാകുന്ന മുറയ്ക്കാണ് കേന്ദ്രവിഹിതവും അതോടനുബന്ധിച്ചുള്ള സംസ്ഥാന വിഹിതവും സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച് നൽകുന്നത്. 2016-17. സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതത്തിന്റെ രണ്ടാമത്തെയും തുടർന്നുള്ളതുമായ കേന്ദ്രഗഡു 2017 മാർച്ച് ഏപ്രിൽ മാസങ്ങളിലാണ് ലഭ്യമായത്. ആയതിനാൽ പ്രസ്തുത സാമ്പത്തികവർഷം ബജറ്റിൽ ഇന്ദിര ആവാസ് യോജന പദ്ധതിക്ക് വകയിരുത്തിയിരുന്ന തുക ചെലവഴിക്കാനായില്ല. മാത്രമല്ല, 2016-17 സാമ്പത്തിക വർഷം മുതൽ ഇന്ദിര ആവാസ് യോജന പദ്ധതിക്ക് പകരമായി പ്രധാനമന്ത്രി ആവാസ് യോജന എന്ന കേന്ദ്രാവിഷ്കൃത ഭവന പദ്ധതി നിലവിൽ വരുകയും ബജറ്റിൽ ഉൾക്കൊള്ളിക്കുകയും ചെലവ് വരുകയും ചെയ്തിട്ടുണ്ട്.

## ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

ഈ കേന്ദ്രാവിഷ്കൃത പദ്ധതി കുടുംബശ്രീ വഴിയാണ് നടപ്പിലാക്കുന്നത്. കേന്ദ്രഗഡു ലഭ്യമാകുന്ന മുറയ്ക്കാണ് കേന്ദ്രവിഹിതവും അതോടനുബന്ധിച്ചുള്ള സംസ്ഥാന വിഹിതവും സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച് നൽകുന്നത്. പ്രതീക്ഷിച്ച കേന്ദ്ര വിഹിതം ലഭ്യമാകാത്തതിനാൽ പ്രസ്തുത സാമ്പത്തികവർഷം ഈ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനായില്ല. ആകെ കേന്ദ്രത്തിൽ നിന്ന് ലഭിച്ചത് 21 കോടി രൂപ മാത്രമാണ്.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ തൊഴിൽ ദിനങ്ങളുടെ അടിസ്ഥാനത്തിലുള്ള വേതനം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കേന്ദ്ര സർക്കാർ നേരിട്ടാണ് നൽകന്നത്. ഇത് സംസ്ഥാന ബജറ്റിന് പുറമേ കൂടിയുള്ള ഒരു ഇടപാടാണ്. ആയതിനാൽ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവ് വരുകയില്ല.

## പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വാട്ടർ ഷെഡ് കമ്പോണന്റിനുള്ള കേന്ദ്രവിഹിതം 2016-17 സാമ്പത്തികവർഷം ലഭ്യമായില്ല. ആയതിനാൽ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കാനായില്ല.

## പൊതുമരാമത്ത്

2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് ധനാഭ്യർത്ഥനയിൽ ആകെ 4795.74 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിർമ്മാണം, സംരക്ഷണം, അറ്റകുറ്റപ്പണികൾ തുടങ്ങിയ മരാമത്ത് പണികൾക്ക് 4388.51 കോടി രൂപയും, ഭരണപരമായ ചെലവുകൾക്ക് 407.23 കോടി രൂപയും വകയിരുത്തിയിരുന്നു.

ഇതിൽ മരാമത്ത് പണികൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം 1302.38 കോടി രൂപയും പദ്ധതിയേതര വിഹിതം 3493.36 കോടി രൂപയും ആയിരുന്നു. പൂർത്തീകരിച്ച മരാമത്ത് പണികളുടെ ബിൽ തുകകൾ കൊടുത്തു തീർക്കുന്നതിന് ഓരോ വർഷവും വകയിരുത്തുന്ന പദ്ധതി വിഹിതം അപര്യാപ്തമാണ്. ഈ അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ടി പദ്ധതിയേതര വിഹിതമായി 2016-17 ബജറ്റിൽ 700 കോടി രൂപ 5054-80-800-66 ശീർഷകത്തിൽ മൊത്തം തുക (ലംപ്സം പ്രൊവിഷൻ) ആയി വകയിരുത്തിയിരുന്നു. പ്രസ്തുത വിഹിതം പദ്ധതിയിനത്തിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് നൽകിയ അധിക തുക ക്രമീകരിക്കുന്നതിനു വേണ്ടിയാണ് യഥാർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത് (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഇവിടെ സാങ്കേതിക അർത്ഥത്തിൽ മാത്രമേ തുക സറണ്ടർ ചെയ്തതായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഈ സന്ദർഭത്തിൽ ശ്രദ്ധേയമായ മറ്റൊരു വസ്തുത 2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് ധനാഭ്യർത്ഥനയിലെ മൂലധന ചെലവ് ബജറ്റ് വിഹിതത്തേക്കാൾ 819.70 കോടി രൂപ കൂടുതലായിരുന്നു.

എന്നാൽ പ്രസ്തുത ധനാഭ്യർത്ഥനയിലെ റവന്യൂ ചെലവിനത്തിൽ 303.85 കോടി രൂപയുടെ സറണ്ടർ ഉണ്ടായിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം വകയിരുത്തുന്ന 1291.86 കോടി രൂപയുടെ ബജറ്റ് വിഹിതത്തിൽ 562.39 കോടി രൂപ മാത്രമാണ് ചെലവായത്. ജി.ഒ(പി) നം. 119/2015/ഫിൻ, തീയതി. 21/03/2015 ഉത്തരവ് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുക പൊതുകണക്ക് ഇനത്തിലേയ്ക്ക് മാറ്റി ചെലവാക്കുന്നതിന് പകരം സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് പ്രസ്തുത സ്ഥാപനങ്ങൾക്ക് തുക നൽകുന്ന സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. കണക്കുകൾ പരിശോധിച്ചപ്പോൾ മുൻ വർഷങ്ങളിൽ ഈ ആവശ്യത്തിന് വേണ്ടി അനുവദിച്ച് നൽകിയ തുകയിൽ ഗണ്യമായ തുക പൊതുകണക്കിനത്തിന് കീഴിൽ 8448 ശീർഷകത്തിൽ ഉപയോഗിക്കാതെ അവശേഷിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പൊതുകണക്കിനത്തിൽ ഉപയോഗിക്കാതെ അവശേഷിച്ച തുക പൂർണ്ണമായും ഉപയോഗിച്ച് തീർക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതാണ് ധനാഭ്യർത്ഥനയിൽ വകയിരുത്തിയ റവന്യു ചെലവിന്റെ വിനിയോഗത്തിൽ കുറവുണ്ടാകാനുള്ള പ്രധാന കാരണം.

GOVERNMENT OF KERALA

**Abstract**

BUDGET ESTIMATE 2016-17 - DEMAND NO.XV - PUBLIC WORKS - FINAL SETTLEMENT OF APPROPRIATION THROUGH REAPPROPRIATION OF FUNDS UNDER THE MAJOR HEAD (S) OF ACCOUNT '2059 - PUBLIC WORKS','4059 - CAPITAL OUTLAY ON PUBLIC WORKS','5054 - CAPITAL OUTLAY ON ROADS AND BRIDGES' - SANCTIONED - ORDERS ISSUED

FINANCE (BUDGET WING -K) DEPARTMENT

**G.O.(Rt)No.4683/2017/Fin** Dated, Thiruvananthapuram 6-June-2017

Read:-
1. Letter No.FB-3/2059/2017 dated 31.03.2017 from the Chief Engineer,Public Works(Buildings) Department,Thiruvananthapuram.
2. Letter No.FB6-2927/2017 dated 31.03.2017 from the Chief Engineer,Public Works(Buildings) Department,Thiruvananthapuram.
3. Letter No.FB-8/3653/2017 dated 31.03.2017 from the Chief Engineer,Public Works(Buildings) Department,Thiruvananthapuram.
4. Letter No-Fin A3-17223/16/CT(2) dated 31.03.2017 from the Commissioner,Commercial Taxes Department,Thiruvananthapuram.
5. Letter No.884/RC1/2016 dated 31.03.2017 from the Resident Commissioner,Kerala House,New Delhi.
6. Letter No.FR2-10439/16 dated 02.05.2017 from the Chief Engineer,Public Works(Roads& Bridges) Department,Thiruvananthapuram.
7. e-File No.Pol-4/38/2017-GAD
8. e-File No.TAXES-D3/103/2017-TAXES
9. e-File No.PWD-C1/304/2017-PWD
10. e-File No.PWD-C1/302/2017-PWD
11. e-File No.PWD-C1/351/2017-PWD

**ORDER**

Sanction is accorded for the final settlement of appropriation for the financial year 2016-17 by way of Re-appropriation of a sum of Rs.1085901000/- (Rupees One Hundred Eight Crore Fifty Nine Lakh One Thousand Only) as detailed in Statement No.I appended.

(By order of the Governor)
REJI JOHN
DEPUTY SECRETARY

To

The Principal Accountant General [A&E], Kerala, Thiruvananthapuram
The Principal Accountant General [G & SSA], Kerala, Thiruvananthapuram
The Principal Accountant General [E &RSA], Kerala, Thiruvananthapuram
The Director of Treasuries, Thiruvananthapuram.
The Chief Engineer(Buildings & Local Works), Thiruvananthapuram.
The Chief Engineer, Roads and Bridges, Thiruvananthapuram
The Resident Commissioner,Kerala House, New Delhi
The Commissioner, Commercial Taxes,Thiruvananthapuram.
The Taxes (D) Department.
The General Administration(Political) Department
The Public Works(C) Department.
The Finance (Budget Wing F) Department
The Nodal Officer (Website)
Inter Leaved Budget/Stock File/Office Copy/Spare Copy

Forwarded/By Order

Section Officer

of Account Reduced

| | | | | |
|---|---|---|---|---|
| | **CAPITAL(NON PLAN VOTED)** | | | |
| H 16 | Major Works | 50000000 | 1380000 | 48620000 (-) (am |
| SH 64 | Projects under Legislative Assembly Constituency Asset Development Scheme(LAC ADS) | 1000 | | 1000 (-) (an) |
| **SMH 60** | **OTHER BUILDINGS** | | | |
| **MIH 051** | **CONSTRUCTION** | | | |
| SH 72 | Projects under Legislative Assembly Constituency Asset Development Scheme (LAC ADS) | | | |
| DH 16 | Major Works | 200000000 | 147968000 | 52032000 (-) (am |
| **SMH 80** | **GENERAL** | | | |
| **MIH 051** | **CONSTRUCTION** | | | |
| SH 78 | SAINIK SCHOOL | | | |
| DH 16 | Major Works | 15000000 | 8316000 | 6684000 (-) (am |
| **MH 5054** | **CAPITAL OUTLAY ON ROADS AND BRIDGES** | | | |
| **SMH 80** | **GENERAL** | | | |
| **MIH 800** | **OTHER EXPENDITURE** | | | |
| SH 66 | INVESTMENT IN MAJOR CAPITAL PROJECTS | 7000000000 | | 562656000 (-) (an) |
| | **CAPITAL(PLAN VOTED)** | | | |
| **MH 4059** | **CAPITAL OUTLAY ON PUBLIC WORKS** | | | |
| **SMH 01** | **OFFICE BUILDINGS** | | | |
| **MIH 051** | **CONSTRUCTION** | | | |
| SH 99 | STATE LEGISLATURE | | | |
| DH 16 | Major Works | 3550000 | | 3550000 (-) (an) |
| SH 97 | ELECTIONS | | | |
| DH 16 | Major Works | 15353000 | | 15353000 (-) (an) |
| SH 96 | LAND REVENUE | | | |
| DH 16 | Major Works | 5898000 | 2858000 | 3040000 (-) (am |
| SH 93 | SALES TAX | | | |
| DH 16 | Major Works | 1397000 | | 1397000 (-) (an) |
| SH 92 | PUBLIC SERVICE COMMISSION | | | |
| DH 16 | Major Works | 7676000 | | 7676000 (-) (an) |
| SH 90 | TREASURY AND ACCOUNTS ADMINIST RATION | | | |
| DH 16 | Major Works | 8600000 | 1232000 | 7368000 (-) (am |
| SH 89 | POLICE | | | |
| DH 16 | Major Works | 1000 | | 1000 (-) (an) |
| SH 88 | JAILS | | | |
| DH 16 | Major Works | 542000 | | 542000 (-) (an) |
| SH 87 | STATIONERY AND PRINTING | | | |
| DH 16 | Major Works | 2000 | | 2000 (-) (an) |
| SH 85 | FIRE PROTECTION AND CONTROL | | | |
| DH 16 | Major Works | 1000 | | 1000 (-) (an) |
| SH 84 | PUBLIC HEALTH | | | |
| DH 16 | Major Works | 1000 | | 1000 (-) (an) |
| SH 82 | STATE PLANNING BOARD | | | |
| DH 16 | Major Works | 10500000 | 10107000 | 393000 (-) (am |
| SH 70 | VIGILANCE DEPARTMENT | | | |
| DH 16 | Major Works | 30000000 | | 30000000 (-) (an) |

GOVERNMENT OF KERALA

**Abstract**

BUDGET ESTIMATE 2016-17 - DEMAND NO.XV - PUBLIC WORKS - FINAL SETTLEMENT OF APPROPRIATION THROUGH REAPPROPRIATION OF FUNDS UNDER THE MAJOR HEAD (S) OF ACCOUNT '3054 - ROADS AND BRIDGES','5054 - CAPITAL OUTLAY ON ROADS AND BRIDGES' - SANCTIONED - ORDERS ISSUED

FINANCE (BUDGET WING -K) DEPARTMENT

**G.O.(Rt)No.5798/2017/Fin** Dated, Thiruvananthapuram 20-July-2017

Read:- 1. Letter No.FR2-10439/2016 dated 30.05.2017 from the Chief Engineer,PWD,Roads and Bridges,Thiruvananthapuram.
2. Letter No.F1-2745/2017 dated 01.04.2017 & 15.04.2017 from the Chief Engineer,PWD,National Highways,Thiruvananthapuram.
3. e-File No.458138/SFC-A2/40/2017-FIN dated 03.05.2017 and 468859/SFC-A2/17/2017-FIN dated 09.06.2017 from Finance(SFC Cell-A) Department.
4. e-File No.PWD-C1/283/2017-PWD
5. e-File No.PWD-C2/291/2017-PWD

**ORDER**

Sanction is accorded for the final settlement of appropriation for the financial year 2016-17 by way of Re-appropriation of a sum of Rs.15503415000/- (Rupees One Thousand Five Hundred Fifty Crore Thirty Four Lakh Fifteen Thousand Only) as detailed in Statement No.I appended.

(By order of the Governor)
REJI JOHN
DEPUTY SECRETARY

To

The Principal Accountant General [A&E], Kerala, Thiruvananthapuram
The Principal Accountant General [G & SSA], Kerala, Thiruvananthapuram
The Principal Accountant General [E &RSA], Kerala, Thiruvananthapuram
The Director of Treasuries, Thiruvananthapuram.
The Chief Engineer, Roads and Bridges, Thiruvananthapuram
The Chief Engineer, National Highways, Thiruvananthapuram
The Public Works(C) Department.
The Finance(SFC Cell -A)Department
The Nodal Officer (Website)
Inter Leaved Budget/Stock File/Office Copy/Spare Copy

Forwarded/By Order

Section Officer

**Head of Account Increased**

**CAPITAL(PLAN VOTED)**

| | | | | |
|---|---|---|---|---|
| SH 81 | CONSTRUCTION OF PONNANI - VENGALAM COASTAL HIGHWAY | -- | 25524000 | 25524000 (+) (al) |
| **SMH 05** | **ROADS OF INTERSTATE OR ECONOMIC IMPORTANCE** | | | |
| **MIH 337** | **ROAD WORKS** | | | |
| SH 97 | CRF ROADS-(ORDINARY ALLOCATION) | | | |
| DH 16 | Major Works | 436437000 | 615973000 | 179536000 (+) (am) |
| **SMH 80** | **GENERAL** | | | |
| **MIH 001** | **DIRECTION AND ADMINISTRATION** | | | |
| SH 99 | ESTABLISHMENT CHARGES TRANSFERRED ON PERCENTAGE BASIS FROM 3054-ROADS AND BRIDGES | 890809000 | 3325676000 | 1767055000 (+) (an) |
| **MIH 052** | **MACHINERY AND EQUIPMENTS** | | | |
| SH 99 | TOOLS AND PLANTS CHARGES TRANSFERRED ON PERCENTAGE BASIS FROM `3054 ROADS AND BRIDGES' | 62355000 | 232797000 | 170442000 (+) (ao) |
| **MIH 800** | **OTHER EXPENDITURE** | | | |
| SH 71 | CONSTRUCTION OF SEAPORT-AIRPORT ROAD AT KOCHI | 120000000 | 178114000 | 58114000 (+) (ap) |
| | **Total CAPITAL VOTED** | | | **11034170000** |

**Head of Account Reduced**

**CAPITAL(NON PLAN VOTED)**

| | | | | |
|---|---|---|---|---|
| **MH 5054** | **CAPITAL OUTLAY ON ROADS AND BRIDGES** | | | |
| **SMH 03** | **STATE HIGHWAYS** | | | |
| **MIH 337** | **ROAD WORKS** | | | |
| SH 94 | Projects under Legislative Assembly Constituency Asset Development Scheme (LAC ADS) | | | |
| DH 16 | Major Works | 1500000000 | 1004558000 | 495442000 (-) (aq) |
| **SMH 04** | **DISTRICT AND OTHER ROADS** | | | |
| **MIH 337** | **ROAD WORKS** | | | |
| SH 80 | PAYMENT OF COMPENSATION FOR LAND ACQUISITION | 750000000 | 629000000 | 121000000 (-) (aq) |
| **SMH 80** | **GENERAL** | | | |
| **MIH 800** | **OTHER EXPENDITURE** | | | |
| SH 74 | COMPLETION OF ONGOING RAILWAY OVERBRIDGE WORKS | 10000000 | | 10000000 (-) (ar) |
| SH 73 | LAND AQUISITION FOR NEW RAILWAY OVERBRIDGES | 10000000 | | 10000000 (-) (as) |
| SH 70 | PRIORITY WORKS | 160000000 | 93000000 | 67000000 (-) (aq) |
| SH 66 | INVESTMENT IN MAJOR CAPITAL PROJECTS | 6437344000 | | 6437344000 (-) (ar) |

**CAPITAL(PLAN VOTED)**

| | | | | |
|---|---|---|---|---|
| **MH 5054** | **CAPITAL OUTLAY ON ROADS AND BRIDGES** | | | |
| **SMH 01** | **NATIONAL HIGHWAYS** | | | |
| **MIH 337** | **Roads Works** | | | |
| SH 99 | CONSTRUCTION OF BYELANES IN SELECTED TOWNS ALONG NH. | 32949000 | 3870000 | 29079000 (-) (aq) |
| SH 96 | CONSTRUCTION OF BYPASS IN NATIONAL HIGHWAYS. | 61779000 | 556000 | 61223000 (-) (aq) |
| **MIH 800** | **OTHER EXPENDITURE** | | | |